# എന്തു വേണമീപ്പട്ടികളെ?

പശുക്കൾ വാഴാതെപോയതോടെ അനാഥമായ തൊഴുത്തിനേപ്പറ്റി ഇതിനു മുമ്പും എഴുതിയിട്ടുണ്ട്. അനാവശ്യവസ്തുക്കൾ കൂട്ടിയിടാൻ മാത്രമാണ് അതിപ്പോൾ ഉപയോഗിയ്ക്കുന്നത്. അതിന് ഒരിറയം അച്ഛൻ പണിയിച്ചു വെച്ചത് നന്നായി. ബയോ ഗാസ് പ്ലാന്റിലേയ്ക്കുള്ള അസംസ്കൃതവസ്തുക്കളായ ജാതിത്തൊണ്ടും ചക്കമടലും കൂട്ടിവെയ്ക്കുന്നതവിടെയാണ്. അതിനു പുറമേയാണ് വളവും വെണ്ണീറും ചാണകവും ചാക്കുകളിൽ നിറച്ചു വെച്ചിരിയ്ക്കുന്നത്.

വീട്ടുപറമ്പിലെ പട്ടികളിലൊരുത്തി, ഗർഭിണി, കൂടെക്കൂടെ അവിടം വിസിറ്റ് ചെയ്യുന്നത് ആദ്യമൊന്നും ശ്രദ്ധയിൽപ്പെട്ടില്ല. പിന്നെയാണ് അറിഞ്ഞത്, അവൾ തന്റെ പേറ്റുമുറിയായി തിരഞ്ഞെടുത്തിരിയ്ക്കുന്നത് ഇറയത്തിന്റെ തെക്കേയറ്റമാണ്. അവിടെ ചാണകച്ചാക്കിനരികെ അൽപം സ്ഥലത്ത് ഒരു ചാക്കു വിരിച്ചാണ് പട്ടി തന്റെ പേറിനു സൗകര്യമൊരുക്കിയിരിയ്ക്കുന്നത്.

പട്ടികളിലൊരുത്തി എന്ന് വെറുതെ പറഞ്ഞതല്ല. ആകെ ഏഴെണ്ണമാണ് ഞങ്ങളുടെ പറമ്പിലുള്ളത്. ചുവപ്പും വെളുപ്പും കറുപ്പും നിറങ്ങളിൽ. പറമ്പിന്റെ വിവിധ ഇടങ്ങൾ മൂത്രമൊഴിച്ചു വെച്ച് അവർ തങ്ങളുടേതായി അടയാളപ്പെടുത്തിയിട്ടുണ്ട്. ഇടയ്ക്ക് അവരുടെ ഓരിയിടലും ബഹളവും കേട്ടാൽ ഉറപ്പിയ്ക്കാം അതിൽ ആരെങ്കിലും അതിക്രമിച്ചു കടന്നിട്ടുണ്ടെന്ന്. എന്നാലും വീട്ടുടമസ്ഥർ എന്ന നിലയ്ക്ക് അവർ ഞങ്ങൾക്ക് ചില സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ട്. പറമ്പിൽ എവിടേയ്ക്കും നിർബ്ബാധം കടന്നുചെല്ലാം. അതിനിടയിൽ വഴിമുടക്കിയാണ് കിടപ്പെങ്കിൽ എഴുന്നേറ്റ് നമസ്കരിയ്ക്കും. എന്നിട്ട് ബഹുമാനത്തോടെ മാറിത്തരും. ഈ ബഹുമാനം പൊതുവഴിയിൽ വെച്ചു കണ്ടാൽ പ്രകടിപ്പിയ്ക്കാറില്ല എന്നതു വേറെക്കാര്യം. അവിടെ എല്ലാവർക്കും തുല്യാവകാശമാണെന്ന് അവർക്കു ബോധ്യമുണ്ടെന്നു തോന്നുന്നു. എന്നാലും ഞങ്ങളുടെ മേൽ എപ്പോഴും അവരുടെ ഒരു കണ്ണുണ്ട്. രാത്രി ബസ്സിറങ്ങി ഒറ്റയ്ക്കു നടന്നു വരുമ്പോഴാണ് അതു പ്രകടമാവുക. ബസ് സ്റ്റോപ്പു മുതൽ വീടു വരെ അനുഗമിയ്ക്കും. പിന്നിൽ നിന്നു മാറില്ല. ഇടയ്ക്ക് നമ്മളെ ഓവർടേയ്ക്ക് ചെയ്ത് മുന്നിൽക്കടക്കും. ചിലപ്പോൾ ഇടത്തും വലത്തുമായി ഒപ്പം നടക്കും. അപ്പോൾ എനിയ്ക്കും ഇസെഡ് കാറ്റഗറിക്കാരുടെ വലയത്തിൽപ്പെട്ട നേതാക്കന്മാരുടെ അരക്ഷിതത്വം അനുഭവപ്പെടും. അതു പക്ഷേ പാവം പട്ടികളുടെ കുറ്റമല്ലല്ലോ.

അവരുടെ ആത്മാർത്ഥത കാണുമ്പോൾ സങ്കടം വരാറുണ്ട്. അറിഞ്ഞുകൊണ്ട് ഒരു വറ്റു പോലും തിന്നാൻ കൊടുക്കാറില്ല. ബയോ ഗ്യാസ് പ്ലാന്റ് ഉള്ളതുകൊണ്ട് ഉണ്ടതിന്റെ ബാക്കി പോലും അവർക്കു തിന്നാൻ കിട്ടാറില്ല. കണ്ടാൽ കല്ലെടുത്തു വീക്കുകയല്ലാതെ സ്നേഹത്തോടെ ഒന്നു നോക്കാറു പോലുമില്ല. ആ എന്നോടാണ് അവരീ കരുതൽ കാണിയ്ക്കുന്നത്.

തൊഴുത്തുപുരയുടെ ഇറയത്ത് പേറ്റുമുറിയൊരുക്കിയതു കണ്ടിട്ടും അതിനെ തടയാതിരുന്നത് ആ കുറ്റബോധം കൊണ്ടാണ്. അതു പക്ഷേ വിഡ്ഢിത്തമായെന്ന് പിന്നീടു തോന്നി. ഏഴെണ്ണത്തിനെയാണ് അമ്മ പെറ്റിട്ടത്. പണിയ്ക്കു വരുന്ന സുധാകരനോട് സൂത്രത്തിൽ അവയെ എടുത്ത് പുറത്തുകൊണ്ടു കളയാൻപറഞ്ഞു. പൊതുവെ ധൈര്യശാലിയാണെങ്കിലും ഇത് അയാൾക്കു സമ്മതമായില്ല. പെറ്റുകിടക്കുന്ന പട്ടി ഈറ്റപ്പുലിയേപ്പോലെയാണത്രേ. അതു ശരിയാണെന്നു പിന്നീടു മനസ്സിലായി. വെണ്ടത്തയ്യിനു വളമിടാൻ ചാണകച്ചാക്കിന്റെ അടുത്തെത്തിയപ്പോൾ എന്റെ നേരെ കുരച്ചു ചാടി അമ്മപ്പട്ടി. വളം തൽക്കാലം ഇടേണ്ടെന്നു തീരുമാനിച്ച് ധൈര്യപൂർവ്വം തിരിച്ചു നടക്കുകയാണുണ്ടായത്.

കുട്ടിപ്പട്ടികൾ കുറേശ്ശെ എഴുന്നേറ്റു നിൽക്കാൻ തുടങ്ങിയപ്പോൾ നല്ല കൗതുകം തോന്നി. വീണു കിടക്കുന്ന ചെവികൾ. കുഞ്ഞിക്കണ്ണുകൾ. മിനുത്ത ദേഹം. മടിയിൽ വെച്ച് ഓമനിയ്ക്കാൻ തോന്നി. പക്ഷേ പറമ്പിലെ ഏഴെണ്ണത്തോടൊപ്പം അവർ കൂടി ഓടിനടക്കുന്നതോർത്തപ്പോൾ നടുങ്ങിപ്പോയി. തൽക്കാലം അങ്ങോട്ടു തിരിഞ്ഞു നോക്കണ്ട എന്നു തീരുമാനിച്ചു.

കൗതുകം തോന്നിയത് എനിയ്ക്കു മാത്രമായിരുന്നില്ല എന്ന് പിന്നീടു മനസ്സിലായി. പട്ടി പെറ്റതറിഞ്ഞ് ദേശം കടന്ന് ആളുകൾ എത്തി. കുട്ടികളെ തട്ടിക്കൊണ്ടു പോകാൻ തക്കം പാർത്ത് നിന്നു. അമ്മപ്പട്ടി മാറി നിന്ന സമയത്ത് അതിൽ നാലെണ്ണത്തിനെ അവർ എടുത്തുകൊണ്ടു പോയി. തീറ്റ കഴിഞ്ഞ് മടങ്ങിവന്ന അമ്മപ്പട്ടി കുട്ടികളെ തിരഞ്ഞ് ഞങ്ങളുടെ വീടിനു ചുറ്റും പരിഭ്രാന്തയായി ഓടി. ഇടയ്ക്ക് ഒരു വട്ടം ഞങ്ങളെ സംശയിച്ച് ഇറയത്തേയ്ക്കു കയറാൻ ശ്രമിച്ചപ്പോൾ ഞങ്ങൾ അവളെ ആട്ടിയകറ്റി. അന്നു രാത്രി മുഴുവൻ നീണ്ടുനിന്ന അവളുടെ ദീനമായ മോങ്ങലിൽ ഞങ്ങളുടെ ഉറക്കം തടസ്സപ്പെട്ടു. ബാക്കി വന്ന മൂന്നിൽ രണ്ടെണ്ണത്തിനെ പിന്നീടെപ്പോഴോ കാണാതായി. അതോടെ അമ്മ ജീവിതയാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെട്ടുവെന്നു തോന്നുന്നു. മോങ്ങലൊക്കെ അവസാനിപ്പിച്ച് അവൾ മാന്യയായി. ബാക്കി വന്ന കുട്ടിയ്ക്ക് എന്തോ അസുഖം ബാധിച്ചു. പതുക്കെപ്പതുക്കെ അതിന്റെ അനക്കം കുറഞ്ഞു കുറഞ്ഞു വന്നു. ഒരു ദിവസം രാവിലെ

അതിനെ ഉറുമ്പരിയ്ക്കുന്നതു കണ്ടു. അതോടെ അമ്മ തിരിഞ്ഞു നോക്കാതായി. ഏറെ വൈകാതെ സിദ്ധികൂടിയ അതിനെ പറമ്പിൽ കുറച്ചകലെയായി കുഴിച്ചിട്ടതോടെ എല്ലാം അവസാനിച്ചു.

ആ മരണവും കൂടി കഴിഞ്ഞപ്പോൾ അമ്മപ്പട്ടിയോട് വല്ലാത്ത ഒരു സഹാനുഭൂതിയായി ഞങ്ങൾക്ക്. പട്ടിയായാലെന്താ, അവയ്ക്കുമില്ലേ വികാരങ്ങൾ? നൊന്തു പെറ്റ ഏഴു മക്കളെ നഷ്ടപ്പെട്ടിട്ടും അങ്ങനെയൊരു ഭാവവുമില്ലാതെ ഓടി നടക്കുന്ന അമ്മയെ ഇടയ്ക്കിടെ നോക്കി നെടുവീർപ്പിട്ടു. എല്ലാ ദുഃഖവും അടക്കിപ്പിടിച്ചല്ലേ അവൾ ഓടിനടക്കുന്നത്! വല്ലാതെ അടുക്കാനൊന്നും പോയില്ലെങ്കിലും കണ്ടാൽ കല്ലെടുത്തു വീക്കുന്ന രീതിയൊക്കെ ഉപേക്ഷിച്ചു. ജീവിച്ചു പൊക്കോട്ടെ എന്റെ പ്രിയപ്പെട്ട പട്ടികൾ!

അതോടെ അവർക്കു ഇളതരം അൽപം കൂടി എന്നു തോന്നി. കുറുമ്പുകളും കുന്നായ്മകളും ഏറിയേറി വന്നു. മിനിയാന്നു രാവിലെ കുറച്ച് അധികം ഉറങ്ങിപ്പോയി. വാതിൽക്കൽ ആരോ മുട്ടുന്നതു കേട്ടാണ് ഉണർന്നത്. നോക്കിയപ്പോൾ രണ്ടെണ്ണമുണ്ട്. ഒന്നു വെളുത്തതും മറ്റേത് കറുത്തതും. തമ്മിൽത്തമ്മിൽ തോണ്ടിയും മുട്ടിയും കളിയ്ക്കുകയാണ്. സല്ലാപത്തിനിടയിൽ വാതിലിന്മേൽ അറിയാതെ മുട്ടിപ്പോയതാണ്. കന്നിമാസമാവുകയായല്ലോ, ഇനി അതൊക്കെ കുറച്ച് കണ്ടില്ലെന്നു നടിയ്ക്കുകയാണ് ബുദ്ധി എന്നു വിചാരിച്ച് തിരിച്ചു നടക്കാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണ് മുറ്റത്തു കിടക്കുന്ന പത്രം കണ്ടത്. മാതൃഭൂമി മുഴുവൻ കടിച്ചു കീറി നാശമാക്കിയിരിയ്ക്കുന്നു. 'നഗരം' ഒരു കഷണം പോലും ബാക്കി വെച്ചിട്ടില്ല. ദേഷ്യം കൊണ്ട് അടിമുടി വിറച്ചു. കയ്യുയർത്തി 'പോ' എന്ന് അലറിയപ്പോൾ വെള്ളക്കാരി ഒറ്റ കുതിപ്പിൽ മുറ്റത്തെത്തി. ഒന്നു ചെറുക്കാൻ ശ്രമിച്ച് പെട്ടെന്നു തന്നെ വേണ്ടെന്നു വെച്ച് കൂട്ടുകാരനും പിൻവാങ്ങി. പിന്നെയും മുറ്റത്തു തന്നെ പരുങ്ങി നിൽക്കുന്നതു കണ്ടപ്പോൾ ഒന്നു കൂടി ഒച്ചയിടേണ്ടി വന്നു. അതോടെ രണ്ടു പേരും കുതികുതിച്ച് ഗേറ്റ് കടന്നു പോയി.

ഈ ദുസ്വാതന്ത്ര്യം കാണിയ്ക്കുന്നത് ആദ്യമായിട്ടൊന്നുമല്ല. അടുക്കളവാതിൽ അടയ്ക്കാൻ ഒന്നു വിട്ടുപോയതേയുള്ളു നാലെണ്ണമാണ് ഒരു ദിവസം അടുക്കളയിലേയ്ക്ക് കുതിച്ചെത്തിയത്. ഓടിയ്ക്കാൻ നോക്കിയപ്പോൾ അതിൽ രണ്ടെണ്ണം കലവറയിൽ കടന്നു. ബഹളം കേട്ട് എവിടെനിന്നോ രണ്ടെണ്ണം കൂടി ഇറയത്തേയ്ക്കെത്തി. അടുപ്പിൽനിന്ന് തീക്കൊള്ളിയെടുത്ത് ഓങ്ങി എല്ലാത്തിനേയും ഓടിയ്ക്കാൻ കുറച്ചു പണിപ്പെടേണ്ടി വന്നു.

പട്ടികളല്ലേ? അവർക്കു പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാഞ്ഞിട്ടല്ലേ? പാവങ്ങൾ. സമയം പുവ്വാൻ അവർ അല്ലെങ്കിൽ എന്താണ് ചെയ്യുക? സാരമില്ല എന്നു വെച്ചു. പക്ഷേ അതുകൊണ്ടു തീർന്നില്ല പ്രശ്നങ്ങൾ. ഈ പട്ടികളെയൊക്കെ വളർത്തുന്നത് ഞങ്ങളാണെന്നാണ് നാട്ടുകാർ ധരിച്ചിരിയ്ക്കുന്നത്.

''വഴി നടക്കാൻ വെഷമായിണ്ട് മാഷേ,'' അടുത്തു താമസിയ്ക്കുന്ന ദാസൻ ഇന്നലെ പറഞ്ഞു. ''ഇവറ്റയ്ക്ക് ഒരു കൺട്രോളും ഇല്യാണ്ടായിട്ട്ണ്ട്. ഇന്നലെ എന്റെ മോളടെ മെക്കട്ടു കേറി.'' ഞാൻ ചിരിച്ചപ്പോൾ അയാൾ ഗൗരവം പൂണ്ടു.''ചിരിച്ചിട്ട് കാര്യല്യ മാഷേ. മാഷന്നെ എന്തെങ്കിലും ചെയ്യണം. പഞ്ചായത്തിൽ ഒരു കംപ്ലെയ്ന്റ് കൊടുത്തോ.''

പഞ്ചായത്തിൽ പരാതിപ്പെട്ടിട്ടെന്താ കാര്യം? പട്ടികളെ പിടിച്ചുകൊണ്ടു പോവാൻ നിയമമില്ല. അഥവാ നിയമം അതിന് എതിരാണ്. വാജ്പേയ് മന്ത്രിസഭയിൽ അംഗമായിരുന്നപ്പോൾ മേനകാ ഗാന്ധി ഉത്സാഹിച്ച് പാസ്സാക്കിയ നിയമമാണത്രേ. കൊടിച്ചിയാണെങ്കിലും കൊല്ലരുത്. അവരും മറ്റേതൊരു ജീവിയേയും പോലെയാണ്. മനുഷ്യർക്കു മാത്രം ജീവിച്ചാൽപ്പോരാ ഈ ഭൂമിയിൽ.

ആർക്കും അതിൽ അഭിപ്രായവ്യത്യാസമില്ല. പട്ടികൾക്കും ജീവിയ്ക്കണം. മനുഷ്യരേപ്പോലെ അന്തസ്സായി ജീവിയ്ക്കാൻ അവർക്കും അവകാശമുണ്ട്. മനുഷ്യരേക്കാൾ നന്നായി ജീവിയ്ക്കുന്ന പട്ടികളുമുണ്ടല്ലോ. അവർ സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ വിരാജിയ്ക്കുന്നവരാണ്. അവരെ വളർത്തി വലിയ വിലയ്ക്ക് വിൽക്കുന്നവരുണ്ട്. സൗന്ദര്യമത്സരം നടത്തുന്നവരുണ്ട്. വേദിയിൽ പ്രദർശിപ്പിയ്ക്കുന്നവരുണ്ട്.

എൻ. വി. കൃഷ്ണവാരിയരുടെ കവിത 'ശ്വാനപ്രദർശനം-1974' ഓർമ്മ വരുന്നു. നാൽപ്പതു വർഷം മുമ്പ് എഴുതിയതാണ്. അന്ന് അതു വായിച്ചപ്പോഴാണ് പട്ടികളിൽ ഇത്ര വൈവിധ്യവും വർഗ്ഗവ്യത്യാസവുമുണ്ടെന്ന് എനിയ്ക്കു മനസ്സിലായത്. തെരുവിൽ കണ്ടാൽ കല്ലേറു കിട്ടുന്നവരേപ്പോലെയല്ല എല്ലാ പട്ടികളും. രാജയോഗമുള്ളവരുണ്ട്. കൊട്ടാരത്തിൽ വസിയ്ക്കുന്നവരുണ്ട്. അവരെ പരിപാലിയ്ക്കുന്ന രീതി ഇങ്ങനെ പറയുന്നു: ''വംശസാങ്കര്യം വരാതെ സൂക്ഷിയ്ക്കുക/വന്ന രോഗങ്ങൾ ചികിത്സിച്ചു മാറ്റുക/പിന്നെ രോഗങ്ങൾ വരാതെ തടുക്കുക/ഭക്ഷണം നല്ലതു നിത്യം കൊടുക്കുക/ശിക്ഷണത്തിന്നു വിദഗ്ധരെ വെയ്ക്കുക/തേച്ചുകുളിപ്പിച്ചു പൗഡർ

പൂശിയ്ക്കുക/പിന്നെ പ്രദർശനത്തിന്നയച്ചീടുക/നന്നെന്നു ക്ലബ്ബിൽ പുകഴ്ത്തിപ്പറയുക/ധന്യമായുഷ്യം ശുനകശാസ്ത്രം ശുഭം!'' പട്ടിപ്പൊങ്ങച്ചക്കാർക്കെതിരെ കൂരമ്പുകൾ തൊടുക്കുന്ന കവിത ഇങ്ങനെയാണ് അവസാനിയ്ക്കുന്നത്. ''ചെത്തിലപ്പട്ടികൾ കൂട്ടും ബഹളമീ/റോട്ടിൽ; നടക്കുവാൻ വയ്യ, ഇങ്ങില്ലയോ/കോർപ്പറേഷന്നൊരു നായ്പ്പിടിസ്ക്വാഡുമേ?/കാറു കേറിത്തന്നെ വേണമോ ചാകുവാൻ/നൂറായിരമായ്പ്പെരുകുമീപ്പട്ടികൾ?/വേറെ,യന്തസ്സായ്, മരിപ്പിച്ചു കൂടയോ?''

ഈ ചോദ്യമാണ് നിയമസഭയിലും മുഴങ്ങിക്കേട്ടത്. അതിനു കാരണവുമുണ്ടായിരുന്നു. 'നൂറായിരമായ്പ്പെരുകിയ' പട്ടികൾ നാട്ടിൽ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ അതിരു കടന്നിട്ടുണ്ട്. തെരുവുപട്ടികളുടെ ശല്യം പത്രങ്ങളിലെ സ്ഥിരം വാർത്തകളിൽ ഒന്നായിരിയ്ക്കുന്നു. വഴി നടക്കുന്നവരേയും വാഹനം ഓടിയ്ക്കുന്നവരേയും ഒരുപോലെ ശല്യപ്പെടുത്തുകയാണ് ശ്വാനന്മാർ. കടി കൊണ്ട് നിരവധി പേർ ആശുപത്രിയിലെത്തുന്നു. പട്ടിയുടെ കടി കൊണ്ടുള്ള മരണം ദാരുണമാണ്. മലപ്പുറത്ത് ഈയിടെ ഇരുപതു കുട്ടികളെയാണ് പട്ടികൾ ആക്രമിച്ചത്. കുട്ടികൾക്ക് സ്കൂളിൽപ്പോവണ്ടേ? അവർക്കു പഠിയ്ക്കണ്ടേ?

മനുഷ്യാവകാശക്കമ്മീഷൻ ഏതായാലും ഇക്കാര്യത്തിൽ ഇതുവരെ ഇടപെട്ടിട്ടില്ലെന്നു തോന്നുന്നു. പട്ടികളുടെ അവകാശം സംരക്ഷിയ്ക്കാൻ പട്ട്യാവകാശക്കമ്മീഷനൊന്നും ഇതുവരെ രൂപമെടുത്തിട്ടുമില്ല. അപ്പോൾ പട്ടികൾക്കു വേണ്ടി സംസാരിയ്ക്കാൻ ആരാണുള്ളത്? ആരുമില്ലെന്നു മാത്രമല്ല, പരാതി പറയാനേ ആളുകളുള്ളു.

ഏറനാട് എം. എൽ. എ.യായ പി. കെ. ബഷീറാണ് പരാതിപ്പെട്ടത്. നിയമസഭാ വളപ്പിലും എം. എൽ. എ. ഹോസ്റ്റൽ പരിസരത്തും നിറയെ പട്ടികളാണത്രേ. ഭാഗ്യം, നിയമസഭയ്ക്കകത്ത് പട്ടികളില്ല. എന്നാലും പട്ടികളുടെ കാര്യം നോക്കുന്ന മന്ത്രിയുണ്ട്. മഞ്ഞളാംകുഴിമന്ത്രിയ്ക്ക് മറുപടിയുമുണ്ടായിരുന്നു: തെരുവു പട്ടികളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാര്യം ഗൗരവമുള്ളതാണെന്ന് മനസ്സിലാക്കുന്നു. കൊല്ലാൻ നിയമമനുവദിയ്ക്കാത്തതുകൊണ്ട് മറ്റു വഴികൾ തേടുകയാണ്. വന്ധ്യംകരണവും പ്രായോഗികമല്ല. ബാക്കിയുള്ളത് അവരെ പുനരധിവസിപ്പിയ്ക്കാനുള്ള മാർഗ്ഗമാണ്. ആൾത്താമസമില്ലാത്ത പ്രദേശത്ത് സുരക്ഷിതവലയങ്ങളോടെ അവരെ കൂട്ടമായി താമസിപ്പിയ്ക്കുന്ന കാര്യം പരിഗണനയിലാണ്.

അപ്പോൾ മന്ത്രിയ്ക്ക് ഒരു നിവേദനം കൊടുക്കണമെന്നു തോന്നി: ഇവിടെ ഞങ്ങളുടെ വീട്ടുപറമ്പ് അങ്ങനെയൊരധിവാസകേന്ദ്രമാണ്. ഇവിടെ ആൾത്താമസമുണ്ട്. എന്നാലും കുഴപ്പമില്ല. ഇവിടെ പട്ടികൾ സുരക്ഷിതരാണ്. അവരും ഞങ്ങളും പരസ്പരധാരണയോടെ ജീവിച്ചുപോവുന്നു. ഇത്രയും പട്ടികളെ അധിവസിപ്പിയ്ക്കുന്നതിന്റെ പേരിൽ എന്തെങ്കിലും ഒരു ഗ്രാന്റ് അനുവദിച്ചു തരാമോ ബഹുമാനപ്പെട്ട മന്ത്രീ?

**(ജനയുഗം, 18-09-2014)**